2025 OCTOBER
27
MONDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# 50 കോടി നിക്ഷേപമുള്ള ഹോട്ടലുകൾക്ക് സ്റ്റാർട്ടപ്പ് മാതൃകയിൽ ധനസഹായം: ധനമന്ത്രി

**ഇടുക്കി:** സംസ്ഥാനത്ത് 50 കോടി രൂപ വരെ നിക്ഷേപമുള്ള ഹോട്ടലുകൾക്ക് സ്റ്റാർട്ടപ്പ് മാതൃകയിൽ ധനസഹായം നൽകാനുള്ള നടപടികൾ അവസാനഘട്ടത്തിലെത്തിയെന്ന് ധനമന്ത്രി കെ. എൻ ബാലഗോപാൽ പറഞ്ഞു. കേരള ടൂറിസം വകുപ്പ് കുട്ടിക്കാനം മരിയൻ കോളേജിൽ സംഘടിപ്പിച്ച ലോകം കൊതിക്കും കേരളം വിഷൻ 2031 സംസ്ഥാനതല ടൂറിസം സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന ജലവിഭവവകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ മന്ത്രി പി. എ മുഹമ്മദ് റിയാസ് വിഷൻ 2031 നയരേഖ അവതരിപ്പിച്ചു.

നിർമ്മിത ബുദ്ധി നമ്മുടെ സമൂഹത്തിൽ ചെലുത്തുന്ന ദ്രുതഗതിയിലുള്ള മാറ്റത്തെ അനുകൂലമായി മാറ്റാൻ കേരളത്തിലെ ടൂറിസം മേഖല സ്വയം സജ്ജമാകണമെന്ന് ധനമന്ത്രി പറഞ്ഞു. സമൂഹത്തിന് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നിർമ്മിതബുദ്ധി നമ്മുടെ നിത്യജീവിതത്തെയും തൊഴിലിനെയും വലിയ തോതിൽ സ്വാധീനിക്കുകയും ബാധിക്കുകയും ചെയ്യുകയാണ്. ഈ ഘട്ടത്തിൽ നിർമ്മിത ബുദ്ധിയുടെ സ്വാധീനം ഇല്ലാത്ത കല, പാചകം തുടങ്ങിയ സോഫ്റ്റ് സ്കില്ലുകൾക്ക് വലിയ സാധ്യത കൈവരികയാണ്. ഇത് സ്വായത്തമാക്കി സ്വയം സജ്ജമാകാൻ ഏറ്റവും പറ്റിയ മേഖല ടൂറിസമാണെന്ന് മന്ത്രി പറഞ്ഞു.




ബജറ്റിൽ അനുവദിച്ചതിനേക്കാൾ 20 ശതമാനം കൂടുതൽ ഫണ്ട് അനുവദിച്ചത് ടൂറിസം വകുപ്പിനാണെന്ന് മന്ത്രി പറഞ്ഞു. കേരളത്തിൽ നിന്നുള്ള ധനശേഷിയുള്ള ആഭ്യന്തര വിനോദസഞ്ചാരികളെ കൂടുതലായി ഉപയോഗപ്പെടുത്തണം. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സീറ്റുകൾ ഒഴിഞ്ഞ കിടക്കുകയാണ്. നിലവിലെ ചട്ടങ്ങളിൽ ഭേദഗതി അനുവദിക്കുകയാണെങ്കിൽ അന്യ സംസ്ഥാനങ്ങളിൽ നിന്ന് വിദ്യാർഥികൾക്ക് ഇവിടെ പഠിക്കാൻ വരാൻ സാധിക്കും. ഇത് സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും അദ്ദേഹം പറഞ്ഞു. കേരളം ആരോഗ്യടൂറിസത്തിന്റെ ഹബ്ബായി മാറാൻ നടപടികളെടുക്കും. തീർത്ഥാടക ടൂറിസത്തിന് വലിയ പ്രാധാന്യമാണ് സംസ്ഥാനസർക്കാർ നൽകുന്നത്. ഓരോ സീസണിലും ശബരിമല റോഡുകൾക്കായി മാത്രം 250 കോടി രൂപയാണ് അനുവദിച്ചതെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ക്രൂസ് ടൂറിസം, പ്രമുഖ ഡെസ്റ്റിനേഷനുകളിൽ അന്താരാഷ്ട്ര കൺവെൻഷൻ സെന്ററുകൾ തുടങ്ങിയവയും കേരളത്തിന്റെ ഭാവി സാധ്യതകളാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ടൂറിസം രംഗത്ത് ഭാവനാത്മകമായ പ്രവർത്തന മാർഗരേഖ നടപ്പാക്കുവാൻ സർക്കാരിന് കഴിഞ്ഞുവെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. ടൂറിസം രംഗത്തെ വളർച്ച സംസ്ഥാനത്തിന്റെ ജിഡിപി കുതിപ്പിനും വഴിയൊരുക്കി. ടൂറിസം സാധ്യതകൾക്ക് കുതിപ്പേകാൻ വിഷൻ 2031 സെമിനാർ ഈ ജില്ലയിൽ നടക്കുന്നതിലൂടെ സാധിക്കുമെന്നും മന്ത്രി പറഞ്ഞു. കഴിഞ്ഞ 9 വർഷത്തെ ടൂറിസം രംഗത്തെ വികസന നേട്ടങ്ങൾ വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറി കെ. ബിജു അവതരിപ്പിച്ചു.

## കേന്ദ്ര ജീവനക്കാരുടെ യുപിഎസും എൻപിഎസും ആകർഷകമാക്കാൻ കേന്ദ്രം

**ന്യൂദൽഹി:** കേന്ദ്ര ജീവനക്കാർക്കുള്ള യൂണിഫൈഡ് പെൻഷൻ സ്കീമും (യു.പിഎ.സ്) നാഷനൽ പെൻഷൻ സിസ്റ്റവും (എൻ.പി.എ.സ്) കൂടുതൽ ആകർഷകമാക്കാൻ കേന്ദ്രം. സർക്കാർ ഇതര എൻ.പി.എസ് വരിക്കാർക്കു മാത്രമുണ്ടായിരുന്ന 2 നിക്ഷേപമാർഗങ്ങളായ ലൈഫ് സൈക്കിൾ 75 (എൽസി 75), ബാലൻസ്ഡ് ലൈഫ് സൈക്കിൾ (ബി.എൽ.സി) എന്നിവ കേന്ദ്ര ജീവനക്കാർക്കും ലഭ്യമാക്കും.

പെൻഷൻ സഞ്ചിതനിധിയിലെ തുകയുടെ 75 ശതമാനവും ഓഹരിയിൽ നിക്ഷേപിക്കാനുള്ള അവസരമാണ് എൽ.സി 75. ഓഹരിപരിധി 25 ശതമാനവും 50 ശതമാനവുമായി പരിമിതപ്പെടുത്തുന്ന എൽ.സി 25, എൽ.സി 50 എന്നിവയാണ് ഇതുവരെ കേന്ദ്ര ജീവനക്കാർക്കുണ്ടായിരുന്ന നിക്ഷേപരീതികൾ.

എൽ.സി 50 നിക്ഷേപരീതിയുടെ പരിഷ്കരിച്ച പതിപ്പായ ബി.എൽ.സിയും ഇനി കേന്ദ്ര ജീവനക്കാർക്കു ലഭ്യമാകും. ബി.എൽ.സി അനുസരിച്ച് 45 വയസ്സിനു ശേഷം ഓഹരിയിലെ നിക്ഷേപം ക്രമാനുഗതമായി കുറയും. മുഴുവൻ തുകയും സർക്കാർ കടപ്പത്രങ്ങളിൽ നിക്ഷേപിക്കാനുള്ള 'സ്കീം ജി' തുടരും

## ലോൺലി പ്ലാനറ്റ് പട്ടികയിൽ കേരളത്തിന്റെ തനത് ഭക്ഷണവിഭവങ്ങൾ

**തിരുവനന്തപുരം:** അന്താരാഷ്ട്ര യാത്രാമാഗസിനായ ലോൺലി പ്ലാനറ്റിന്റെ 2026 ലെ 25 മികച്ച യാത്രാനുഭവങ്ങളിൽ കേരളത്തിന്റെ തനതും വൈവിധ്യപൂർണവുമായ രുചിക്കൂട്ടുകൾ ഇടം പിടിച്ചു.

വാഴയിലയിൽ വിളമ്പുന്ന പരമ്പരാഗത സദ്യ മുതൽ കടൽ വിഭവങ്ങൾ വരെ നീളുന്ന നിരവധി ഭക്ഷണവിഭവങ്ങളെക്കുറിച്ചാണ് പരാമർശമുള്ളത്. പട്ടികയിൽ ഇടം നേടിയ ഏക ഇന്ത്യൻ സംസ്ഥാനം കേരളമാണ്.

കേരളത്തിന്റെ തനതു മീൻകറി, സദ്യ, അപ്പവും മുട്ടക്കറിയും, പത്തിരി, താറാവ് കറി, കോഴിക്കറി, പോത്തിറച്ചി, പന്നിയിറച്ചി, ആട്ടിറച്ചി, കല്ലുമ്മക്കായ, പഴംപൊരി, പായസം അങ്ങനെ നീളുന്നു ആ പട്ടിക. ചോറ്, അവിയൽ, തോരൻ, രസം, സാമ്പാർ, അച്ചാർ, പഴം, പപ്പടം, പായസം എന്നിവയുൾപ്പെടെ വീട്ടിൽ പാകം ചെയ്യുന്ന വൈവിധ്യമാർന്ന വിഭവങ്ങൾ അണിനിരത്തുന്ന സദ്യയുടെ രുചി സഞ്ചാരികൾ നഷ്ടപ്പെടുത്തരുതെന്നും മാഗസിനിൽ പറയുന്നു. നേർത്ത മസാല ദോശയ്ക്കൊപ്പം വാഴയിലയിൽ പൊതിഞ്ഞു പൊള്ളിച്ചെടുക്കുന്ന മീൻ, ദക്ഷിണേന്ത്യൻ ഫിൽറ്റർ കോഫി എന്നിവയും ആകർഷകമാണെന്ന് ചൂണ്ടിക്കാണിക്കുന്നു. കൊച്ചിയെ ഏറ്റവും പ്രചോദനാത്മകമായ സ്ഥലങ്ങളിൽ ഒന്നെന്നും ലോൺലി പ്ലാനറ്റ് വിശേഷിപ്പിക്കുന്നുണ്ട്.

## വ്യോമതാവളം ഏറ്റെടുക്കാനുള്ള ട്രംപിന്റെ നീക്കത്തെ എതിർത്ത് ഇന്ത്യ; താലിബാന് പിന്തുണ

**ന്യൂദൽഹി:** അഫ്ഗാനിസ്ഥാനിലെ ബഗ്രാം വ്യോമത്താവളത്തിന്റെ നിയന്ത്രണം തിരിച്ചു പിടിക്കാനുള്ള യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ നീക്കത്തെ എതിർത്ത് ഇന്ത്യയും. ഇതോടെ അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, ചൈന, റഷ്യ എന്നിവയുമായി ഇന്ത്യ സഖ്യത്തിലേർപ്പെട്ടു.

താലിബാൻ വിദേശകാര്യ മന്ത്രി ആമിർ ഖാൻ മുത്തഖിയുടെ ഇന്ത്യ സന്ദർശനത്തിന് മുന്നോടിയായാണ് ഈ പ്രഖ്യാപനം വരുന്നത്. ഒരു മുതിർന്ന താലിബാൻ നയതന്ത്രജ്ഞന്റെ ചരിത്രപരമായ ആദ്യ സന്ദർശനമായാണിതിനെ കാണുന്നത്.

അഫ്ഗാനിസ്ഥാനിലെ ഏറ്റവും വലിയ വ്യോമതാവളമായ ബഗ്രാം, താലിബാനെതിരെയുള്ള 20 വർഷത്തെ യുദ്ധത്തിൽ യു.എസ് പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്നു. അഫ്ഗാനിസ്ഥാൻ വ്യോമതാവളം തിരികെ നൽകിയില്ലെങ്കിൽ മോശം കാര്യങ്ങൾ സംഭവിക്കാൻ പോകുന്നു എന്ന് ട്രംപ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ബഗ്രാമിന്റെ പേര് വ്യക്തമായി പറഞ്ഞിട്ടില്ലെങ്കിലും, ട്രംപിന്റെ ആവശ്യം മുൻനിർത്തിയാണ് സന്ദേശം നൽകിയിരിക്കുന്നതെന്നത് വ്യക്തമാണ്.

## സൗദിയുടെയും ഇറാഖിന്റെയും എണ്ണ വാങ്ങി റിലയൻസ്

**ന്യൂദൽഹി:** റഷ്യൻ എണ്ണ ഇറക്കുമതി വിഷയത്തിൽ മൗനം തുടർന്ന് കേന്ദ്രസർക്കാർ. യൂറോപ്യൻ യൂണിയനും ബ്രിട്ടനും പിന്നാലെ യുഎസും റഷ്യൻ എണ്ണക്കമ്പനികൾക്ക് ഉപരോധം പ്രഖ്യാപിച്ചതോടെ ഇന്ത്യയുടെ റഷ്യൻ എണ്ണ ഇറക്കുമതി തുലാസിലായിട്ടുണ്ട്. കേന്ദ്രത്തിന്റെ നിർദേശമനുസരിച്ചായിരിക്കും തുടർതീരുമാനമെന്ന് ഇന്ത്യയുടെ പൊതുമേഖലാ എണ്ണക്കമ്പനികളും റിലയൻസ് ഇൻഡസ്ട്രീസും മറ്റും വ്യക്തമാക്കിയിട്ടും കേന്ദ്രം ഇതുവരെ പ്രതികരിച്ചിട്ടില്ല. അതേസമയം, എണ്ണക്കമ്പനികൾക്ക് സ്വന്തം നിലയ്ക്ക് തീരുമാനമെടുക്കാമെന്ന നിലപാടാണ് കേന്ദ്രത്തിനുള്ളതെന്നാണ് സൂചനകൾ.



യൂറോപ്യൻ യൂണിയന്റെയും മറ്റും നിയന്ത്രണങ്ങളെ മാനിക്കുമെന്ന് വ്യക്തമാക്കിയ റിലയൻസ് ഇൻഡസ്ട്രീസ്, കേന്ദ്രസർക്കാരിന്റെ മാർഗനിർദേശങ്ങളുണ്ടായാൽ അനുസരിക്കുമെന്നും അറിയിച്ചു. റിഫൈനറി പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടക്കുന്നത് ഉറപ്പാക്കാനായി, മറ്റ് സ്രോതസ്സുകളിൽ നിന്ന് ക്രൂഡ് ഓയിൽ വാങ്ങുമെന്നും കമ്പനിയുടെ വക്താവ് പറഞ്ഞു. ഇതിനിടെ, റഷ്യൻ എണ്ണക്കമ്പനികളെ യുഎസ് ഉപരോധ ലിസ്റ്റിൽ ഉൾപ്പെടുത്തിയതിന് പിന്നാലെ ഇറാഖ്, സൗദി അറേബ്യ, യുഎസ് തുടങ്ങിയവയുടെ എണ്ണ റിലയൻസ് ഇൻഡസ്ട്രീസ് വാങ്ങിയെന്ന റിപ്പോർട്ടുകളും പുറത്തുവന്നു. സൗദി അറേബ്യയിൽ നിന്ന് ഖാഫ്ജി, ഇറാഖിന്റെ ബസ്റ മീഡിയം, ഖത്തറിന്റെ അൽഷാഹീൻ, യുഎസിന്റെ ഡബ്ല്യുടിഐ തുടങ്ങിയ ക്രൂഡ് ഇനങ്ങളാണ് റിലയൻസ് വാങ്ങിയതെന്ന് ബ്ലൂംബെർഗ് റിപ്പോർട്ട് ചെയ്തു. ഇക്കാര്യം റിലയൻസ് സ്ഥിരീകരിച്ചിട്ടില്ല. ഇന്ത്യയിലേക്കുള്ള റഷ്യൻ എണ്ണ ഇറക്കുമതിയിൽ ഏറ്റവും മുന്നിൽ സ്വകാര്യ കമ്പനിയായ റിലയൻസ് ഇൻഡസ്ട്രീസ് ആയിരുന്നു. റഷ്യയുടെ വമ്പൻ എണ്ണക്കമ്പനികളായ റോസ്നെഫ്റ്റ്, ലൂക്കോയിൽ എന്നിവയ്ക്കാണ് കഴിഞ്ഞദിവസം ട്രംപ് ഭരണകൂടം ഉപരോധം പ്രഖ്യാപിച്ചത്. ഇതോടെ ഇവയിൽ നിന്ന് എണ്ണ വാങ്ങുന്ന കമ്പനികൾ, എണ്ണക്കപ്പലുകൾ, ഇടപാട് നടത്തുന്ന വ്യക്തികൾ എന്നിവർക്കും ഉപരോധം ബാധകമാകും. ഇതൊഴിവാക്കാനാണ് റിലയൻസും മറ്റും ബദൽ സ്രോതസ്സുകളെ ആശ്രയിക്കുന്നത്.

റോസ്നെഫ്റ്റുമായി പ്രതിദിനം 5 ലക്ഷം ബാരൽ വീതം ക്രൂഡ് ഓയിൽ വാങ്ങാമെന്ന് റിലയൻസിന് കരാർ ഉണ്ടായിരുന്നു. ഉപരോധ പശ്ചാത്തലത്തിൽ ഇനി കരാറുമായി മുന്നോട്ടുപോവുകയും പ്രയാസമാണ്. ഈമാസം ഇതുവരെ 10 ദശലക്ഷം ബാരൽ റഷ്യൻ ഇതര ക്രൂഡ് ഓയിൽ പൊതുവിപണിയിൽ (സ്പോട്ട് മാർക്കറ്റ്) റിലയൻസ് വാങ്ങിയിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും ഗൾഫ് മേഖലയിൽ നിന്നാണ്. മറ്റ് ഇന്ത്യൻ കമ്പനികളാകട്ടെ ഗൾഫിന് പുറമേ യുഎസ്, ബ്രസീൽ എന്നിവയുടെ എണ്ണ വാങ്ങാനുള്ള ശ്രമമാണ് നടത്തുന്നത്.

# കേരളത്തെ ഗ്ലോബൽ സ്കിൽ ഹബ്ബാക്കും: മന്ത്രി ശിവൻകുട്ടി

**തിരുവനന്തപുരം:** കേരളത്തെ ഗ്ലോബൽ സ്കിൽ ഹബ്ബാക്കി വികസിപ്പിക്കുമെന്നും ഇതിനായി സംസ്ഥാനത്തെ വ്യാവസായിക പരിശീലന കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുമെന്നും മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. ദേശീയ, സംസ്ഥാന തലത്തിൽ പുരസ്ക്കാരങ്ങൾ നേടിയ അധ്യാപകരേയും വിദ്യാർത്ഥികളേയും അനുമോദിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പ് നിശാഗന്ധിയിൽ സംഘടിപ്പിച്ച മെറിടോറിയ 2025 ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ശിവൻകുട്ടി .

അതിവേഗം വളരുന്ന വ്യാവസായിക മേഖലയിൽ അക്കാദമിക പരിജ്ഞാനത്തോടൊപ്പം സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള തൊഴിൽ പരിശീലനവും അത്യാവശ്യമാണ്. വ്യവസായിക പരിശീലന മേഖലയിൽ കാലഹരണപ്പെട്ട ട്രേഡുകൾക്ക് പകരം, ഇൻഡസ്ട്രി 4.0 ന്റെ ആവശ്യകതകൾക്ക് അനുസൃതമായ നൂതന കോഴ്സുകൾ ആരംഭിക്കും. വ്യവസായ സ്ഥാപനങ്ങളുമായി കൈകോർത്ത് ഏറ്റവും ആധുനിക പരിശീലനം ഉറപ്പാക്കും. റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇലക്ട്രിക് വെഹിക്കിൾ മെയിന്റനൻസ് തുടങ്ങിയ പുതിയ കോഴ്സുകൾക്ക് പ്രാധാന്യം നൽകും.

നൈപുണ്യമുള്ള യുവജനങ്ങളാണ് നാളത്തെ രാജ്യപുരോഗതിയുടെ അടിസ്ഥാനശില. തൊഴിൽ നൈപുണ്യം പകർന്നു നൽകി വിദ്യാർത്ഥികൾക്ക് ജീവിതവഴി കാട്ടുന്നവരാണ് അധ്യാപകർ. അവരുടെ സേവനം ഏറ്റവും മഹത്തരമാണ്. അധ്യാപകർക്ക് ലഭിച്ച പുരസ്കാരം വലിയ അംഗീകരവും മറ്റുള്ളവർക്ക് പ്രചോദനവുമാണ്. വിദ്യാർത്ഥികളുടെ വിജയം അവരുടെ കഠിനാധ്വാനത്തിന്റെയും അർപ്പണബോധത്തിന്റെയും ഫലമാണ്. വിജയികൾക്കുള്ള യാത്ര ഇവിടെ അവസാനിക്കുന്നില്ലെന്നും നിരന്തരമായ പഠനത്തിലൂടെയും സ്വയം നവീകരണത്തിലൂടെയും മാത്രമേ ഈ മത്സര ലോകത്ത് മുന്നേറുവാൻ കഴിയുള്ളു എന്നും മന്ത്രി പറഞ്ഞു.

2025 ലെ നൈപുണ്യ പരിശീലന വിഭാഗത്തിലെ ദേശീയ അദ്ധ്യാപക പുരസ്കാരം നേടിയ ജയേഷ് കണ്ണച്ചെൻതൊടിയ്ക്കും, അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ ദേശീയ തലത്തിലും സംസ്ഥാനതലത്തിലും റാങ്ക് ജേതാക്കളായ ട്രെയിനികൾക്കും, എസ്.സി.വി.റ്റി ട്രേഡ് ടെസ്റ്റിൽ സംസ്ഥാനതല റാങ്ക് ജേതാക്കളായ ട്രെയിനികൾക്കും അവരെ പരിശീലിപ്പിച്ച ഇൻസ്ട്രക്ടർമാർക്കും മന്ത്രി പുരസ്കാരം സമ്മാനിച്ചു. പുരസ്ക്കാര നേട്ടം സ്വന്തമാക്കിയ എല്ലാവരെയും മന്ത്രി അഭിനന്ദിച്ചു. വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ സൂഫിയാൻ അഹമ്മദ്, അഡീഷണൽ ഡയറക്ടർ പി. വാസുദേവൻ, ജോയിന്റ് ഡയറക്ടർ എ. ഷമ്മി ബേക്കർ തുടങ്ങിയവർ സന്നിഹിതരായി.

# കൃഷിയിൽ നിർമ്മിത ബുദ്ധിയും പ്രയോജനപ്പെടുത്തണം: മന്ത്രി പി. പ്രസാദ്

**പാലക്കാട്:** കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ മറികടക്കാൻ പരമ്പരാഗത കൃഷി രീതികൾ മാത്രം പോരെന്നും ആധുനിക സാങ്കേതിക വിദ്യയും നിർമ്മിത ബുദ്ധിയും (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) കൃഷിയിൽ കൊണ്ടുവരേണ്ടതുണ്ടെന്നും കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ്. അനങ്ങനടി ഗ്രാമപഞ്ചായത്തിലെ നവീകരണം പൂർത്തീകരിച്ച സ്റ്റേറ്റ് സീഡ് ഫാം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. മാറുന്ന ലോക സാഹചര്യങ്ങൾക്കും കാലാവസ്ഥയ്ക്കും അനുസരിച്ച് കൃഷിയിൽ വലിയ മാറ്റങ്ങൾ വരുത്താൻ കഴിയുന്ന പദ്ധതികൾ ആസൂത്രണം ചെയ്യണം. ഓരോ പ്രദേശത്തെയും ഭൂപ്രകൃതി, ജലലഭ്യത, മണ്ണ്, കാലാവസ്ഥ എന്നിവയുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പുതിയ പദ്ധതികൾ കൃഷി ഉദ്യോഗസ്ഥർ തയ്യാറാക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനു മോൾ അധ്യക്ഷയായി.

# റെസ്പികോൺ കൊച്ചി 2025 സമാപിച്ചു




ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് (ഐ.എ.പി) സംസ്ഥാന ശാഖയുടെയും, റെസ്പിറേറ്ററി ചാപ്റ്റർ, ഐ.എ.പി കൊച്ചി ചാപ്റ്ററിന്റെയും സംയുക്ത നേതൃത്വത്തിൽ കലൂർ ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച 18മാത് വാർഷിക പീഡിയാട്രിക് റെസ്പിറേറ്ററി കോൺഫറൻസ് 'റെസ്പികോൺ കൊച്ചി 2025' ന്റെ ഉദ്ഘാടനം പ്രൊഫ.ഡോ.ടി.യു. സുകുമാരൻ നിർവ്വഹിക്കുന്നു. ഡോ.വിവിൻ അബ്രാഹം, ഡോ.ഐ.റിയാസ്, ഡോ.എം.കെ.നന്ദകുമാർ, ഡോ. ബിനുകുട്ടൻ, ഡോ. രമേഷ് കുമാർ, ഡോ. ഗോപി മോഹൻ, ഡോ. പ്രമോദ് വാര്യർ, ഡോ. റോഹിൻ അബ്രാഹം, ഡോ. എബി മാത്യു തുടങ്ങിയവർ സമീപം.

**കൊച്ചി :** ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് (ഐഎപി) സംസ്ഥാന ശാഖയുടെയും, റെസ്പിറേറ്ററി ചാപ്റ്റർ, ഐ.എ.പി കൊച്ചി ചാപ്റ്ററിന്റെയും സംയുക്ത നേതൃത്വത്തിൽ കലൂർ ഐ.എം.എ ഹൗസിൽ സംഘടിപ്പിച്ച 18മാത് വാർഷിക പീഡിയാട്രിക് റെസ്പിറേറ്ററി കോൺഫറൻസ് 'റെസ്പികോൺ കൊച്ചി 2025' സമാപിച്ചു.

കുട്ടികളിലെ ശ്വസനവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ പങ്കുവയ്ക്കുക എന്നതായിരുന്നു ഇത്തവണത്തെ കോൺഫറൻസിന്റെ വിഷയം. കോൺഫറൻസിന്റെ ഉദ്ഘാടനം പ്രൊഫ.ഡോ.ടി.യു. സുകുമാരൻ നിർവ്വഹിച്ചു. ഐ.എ.പി.കേരള ശാഖ പ്രസിഡന്റ് ഡോ.ഐ.റിയാസ്, റെസ്പിറേറ്ററി ചാപ്റ്റർ ചെയർപേഴ്സൺ ഡോ.എം.കെ നന്ദകുമാർ, സെക്രട്ടറി ഡോ. ബിനുകുട്ടൻ, ഐ.എ.പി മുൻ ദേശീയ പ്രസിഡന്റ് ഡോ. രമേഷ് കുമാർ, ഐ.എ.പി കൊച്ചി പ്രസിഡന്റ് ഡോ.വിവിൻ അബ്രാഹം, ഓർഗനൈസിംഗ് ചെയർമാൻ ഡോ. പ്രമോദ് വാര്യർ, ഓർഗനൈസിംഗ് സെക്രട്ടറി ഡോ. റോഹിൻ അബ്രാഹം, ഐ.എ.പി.കൊച്ചി സെക്രട്ടറി ഡോ. എബി മാത്യു, ഡോ. ഗോപി മോഹൻ എന്നിവർ പങ്കെടുത്തു.

ഡോ.സോമു ശിവബാലൻ (ചെന്നൈ), ഡോ. അനിൽ കുമാർ സാപെർ (ബംഗ്ലൂരു)ഡോ. വി.വി വിവേകാനന്ദൻ (ചെന്നൈ) ഡോ. പി.എ മഹേഷ് (മൈസൂർ) ഡോ.പവൻ കല്ല്യാൺ പിന്നമനേനി (ആന്ധ്രാപ്രദേശ്) ഡോ.മുല്ലെ ബാലാജി (കോയംബത്തൂർ) ഡോ. രമേഷ് കുമാർ (കൊച്ചി) ഡോ. ബിന്ദുഷ (തിരുവനന്തപുരം) ഡോ.ഷീജ സുഗുണൻ (തിരുവനന്തപുരം) ഡോ.സജിത്ത് കേശവൻ (കൊച്ചി) ഡോ. നന്ദകുമാർ (കണ്ണൂർ) തുടങ്ങിയവർ കുട്ടികളിലെ ശ്വസനസംബന്ധിയായ വിവിധ വിഷയങ്ങളെക്കുറിച്ച് പ്രബന്ധങ്ങൾ അവതരിപ്പിച്ചു.







പി.എ അഹമ്മദ് കബീർ, എ.എം അബുബക്കർ, ടി.എം സക്കീർ ഹുസൈൻ, ഡോ.എം.ഐ ജുനൈദ് റഹ്മാൻ, എ.എസ് കുഞ്ഞു മുഹമ്മദ്

## ജമാ അത്തെ കൗൺസിൽ: പി. എ അഹമ്മദ് കബീർ പ്രസിഡന്റ്, എ.എം അബുബക്കർ ജനറൽ സെക്രട്ടറി

**കൊച്ചി:** എറണാകുളം ജില്ല ജമാ അത്തെ കൗൺസിൽ പ്രസിഡന്റ് ആയി പി.എ അഹമ്മദ് കബീറിനെയും, ജനറൽ സെക്രട്ടറി ആയി എ.എം അബുബക്കറിനെയും തിരഞ്ഞെടുത്തു. ഡോ. എം.ഐ ജുനൈദ് റഹ്മാൻ (ട്രഷറർ), ടി.എം സക്കീർ ഹുസൈൻ (വർക്കിംഗ് പ്രസിഡന്റ്), എ.എസ് കുഞ്ഞുമുഹമ്മദ് (ഓർഗനൈസിംഗ് സെക്രട്ടറി) എന്നിവരാണ് മറ്റ് ഭാരവാഹികൾ.

## കുസാറ്റ് ടി.ബി.ഐയിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) കുസാറ്റെക് ഫൗണ്ടേഷനിൽ പ്രവർത്തിക്കുന്ന കുസാറ്റ് ടി.ബി.ഐയിൽ റൂസ 2.0 പദ്ധതിയുടെ ഭാഗമായി താത്കാലിക അടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

എൻജിനീയറിംഗിൽ അനുബന്ധ വിഷയങ്ങളിൽ ഡിഗ്രി/ഡിപ്ലോമയും ത്രീഡി പ്രിന്റിംഗ്, ത്രീഡി സ്കാനിംഗ്, മെഷീൻ ഓപ്പറേഷൻ, IoT/റോബോട്ടിക്സ്, സോൾഡറിംഗ്, ഇലക്ട്രോണിക്/മെക്കാനിക്കൽ ഡിസൈൻ തുടങ്ങിയ മേഖലകളിലെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. ഫാബ് അക്കാദമിയിൽ നിന്നുള്ള ഡിപ്ലോമ/സർട്ടിഫിക്കറ്റ്, കൂടാതെ ഫാബ്ലാബ് അനുബന്ധ പ്രവർത്തനങ്ങളിൽ ഒരു വർഷത്തെ പ്രവൃത്തിപരിചയം അഭികാമ്യം.

ഫാബ്ലാബ് അനുബന്ധ പ്രവർത്തനങ്ങളിലെ പരിചയവും മറ്റ് നേട്ടങ്ങളും അടങ്ങിയ വിശദമായ ബയോഡാറ്റ tbi@cusat.ac.in എന്ന വിലാസത്തിലേക്ക് ഒക്ടോബർ 27ന് ലഭിക്കത്തക്കവിധം അയക്കണം. കൂടുതൽ വിവരങ്ങൾക്ക് 9895035587 എന്ന നമ്പറിൽ ബന്ധപെടുക.

## വാക് ഇൻ ഇന്റർവ്യൂ 29ന്

**തൃശൂർ:** കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ തൃശ്ശൂർ ജില്ലാ കാര്യാലയത്തിൽ കൊമേഴ്സ്യൽ അപ്രന്റീസുമാരെ നിയമിക്കുന്നു. മൂന്ന് വർഷത്തെ പരിശീലന കാലയളവിലേക്കാണ് വാക്ക് ഇൻ ഇന്റർവ്യൂ മുഖേന നിയമനം നടത്തുന്നത്

അംഗീകൃത സർവ്വകലാശാല ബിരുദവും അതിനോടൊപ്പം ഡി.സി.എ./പി.ജി.ഡി.സി.എ./വേഡ് പ്രൊസസിംഗ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ കോഴ്സിൽ ഡിപ്ലോമ എന്നിവയിൽ ഏതെങ്കിലും യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. 19-30 വയസാണ് പ്രായപരിധി. ഒന്നാം വർഷം: 10,000 രൂപയും രണ്ടാം വർഷം: 11,000 രൂപയും മൂന്നാം വർഷം: 12,000 രൂപയും ഹോണറേറിയം ആയി ലഭിക്കും. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ഒക്ടോബർ 29 രാവിലെ 11ന് അഭിമുഖത്തിനായി ഹാജരാകണം. പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റ്, തിരിച്ചറിയൽ രേഖ എന്നിവയുടെ അസലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതമാണ് ഹാജരാകേണ്ടത്. മുൻപ് ബോർഡിൽ അപ്രന്റീസായി പരിശീലനം പൂർത്തിയാക്കിയവർ വീണ്ടും ഹാജരാകേണ്ടതില്ല. വിലാസം- കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ കാര്യാലയം, 3ാം നില, മജസ്റ്റിക് സ്ക്വയർ ബിൽഡിംഗ്, പറവട്ടാനി, ഒല്ലൂക്കര പി.ഒ, തൃശൂർ 680655. ഫോൺ 0487-2374939, 9446978751.

## അവാർഡിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** ഡോക്ടർമാർക്കുള്ള സംസ്ഥാന സർക്കാരിന്റെ 2024 ലെ അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. ആരോഗ്യവകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഇൻഷുറൻസ് മെഡിക്കൽ സർവീസ്, സഹകരണ സ്വതന്ത്ര സ്ഥാപനങ്ങൾ, സ്വകാര്യ മേഖല, ഡെന്റൽ സ്പെഷ്യാലിറ്റി എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് വെവ്വേറെ അവാർഡുകൾ വിതരണം ചെയ്യും. അവാർഡ് തുകയായ 15,000 രൂപയും മെറിറ്റ് സർട്ടിഫിക്കറ്റും വിതരണം ചെയ്യും. ആരോഗ്യ,കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനും ആരോഗ്യവകുപ്പ് ഡയറക്ടർ കൺവീനറും ആയിട്ടുള്ള വിദഗ്ധ കമ്മിറ്റി ആയിരിക്കും അവാർഡുകൾ നിശ്ചയിക്കുന്നത്. രോഗികൾ/രോഗികളുടെ സംഘടന, ആശുപത്രി വികസന സൊസൈറ്റി, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി, പൊതുജനത്തിലെ ഏതെങ്കിലും അംഗം എന്നിവർക്കോ സ്വന്തമായോ മികച്ച ഡോക്ടർമാരുടെ പേരുകൾ നിർദ്ദേശിക്കാം. അപേക്ഷയുടെയും മറ്റ് അനുബന്ധരേഖകളുടെയും അഞ്ചു കോപ്പികൾ വീതം സമർപ്പിക്കണം. മാർഗ്ഗരേഖയും വിശദവിവരങ്ങളും എല്ലാ ജില്ലാ മെഡിക്കൽ ഓഫീസുകളിലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലും കൂടാതെ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന്റെ വെബ്സൈറ്റിലും ലഭ്യമാണ്. നവംബർ 10 വൈകിട്ട് 5 മണിക്ക് മുൻപായി അപേക്ഷകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കണം.




# ലോക ഒക്യുപേഷണൽ തെറാപ്പി ദിനം ആചരിച്ചു

**തിരുവനന്തപുരം:** കേരള ഒക്യുപേഷണൽ തെറാപ്പിസ്റ്റ്സ് അസോസിയേഷനും (കോട്ട) ഓൾ ഇന്ത്യ ഒക്യുപേഷണൽ തെറാപ്പിസ്റ്റ്സ് അസോസിയേഷനും (അയോട്ട) സംയുക്തമായി, ലോക ഒക്യുപേഷണൽ തെറാപ്പി ദിനം ആചരിച്ചു. തിരുവനന്തപുരത്ത് നടന്ന ആഘോഷ പരിപാടികൾ, മുൻ മന്ത്രിയും കഴക്കൂട്ടം എം.എൽ.എയുമായ കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. കേരള സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ ചെയർപേഴ്സൺ, എം. അബ്ദുനാസർ മുഖ്യാതിഥിയായിരുന്നു.ചടങ്ങിൽ കേരള ഒക്യുപേഷണൽ തെറാപ്പിസ്റ്റ്സ് അസോസിയേഷന്റെ പുതിയ മൊബൈൽ ആപ്പ് പ്രകാശനം ചെയ്തു. സംസ്ഥാനത്തെ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾക്ക് വേണ്ടിയുള്ള കേന്ദ്രീകൃത ഡിജിറ്റൽ വേദിയാണ് കോട്ട കമ്മ്യൂണിറ്റി മൊബൈൽ ആപ്പ്. അംഗങ്ങൾക്കിടയിലെ ബന്ധം, സഹകരണം, സേവനങ്ങളുടെ ലഭ്യത എന്നിവ വർദ്ധിപ്പിക്കുകയാണ് ഈ ആപ്പിന്റെ ലക്ഷ്യം. സർക്കാർ, സ്വകാര്യ തലങ്ങളിൽ, ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ എവിടെയെല്ലാം പ്രാക്ടീസ് ചെയ്യുന്നു, അംഗത്വ സ്റ്റാറ്റസ് എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് കണ്ടെത്താനുള്ള സൗകര്യവും ലഭ്യമാണ്. അംഗങ്ങൾക്ക് ഒക്യുപേഷണൽ തെറാപ്പി സംബന്ധമായ വിഷയങ്ങളിൽ ചർച്ച നടത്താനുള്ള, കമ്മ്യൂണിറ്റി ഫോറവും, വിവിധ വർക്ക്ഷോപ്പുകൾ സംബന്ധിച്ചുള്ള വിവരങ്ങളും ആപ്പിലുണ്ടാകും. ഒക്യുപേഷണൽ തെറാപ്പി മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവച്ചവരെയും, കേരള ഹെൽത്ത് യൂണിവേഴ്സിറ്റിയിലെ ഈ വർഷത്തെ റാങ്ക് ജേതാക്കളേയും ചടങ്ങിൽ ആദരിച്ചു. ഓൾ ഇന്ത്യ ഒക്യുപേഷണൽ തെറാപ്പിസ്റ്റ്സ് അസോസിയേഷൻ ഓണററി സെക്രട്ടറി ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി, കോട്ട പ്രസിഡന്റ് ഡോ. മേരി ഫിലിപ്പ്, സെക്രട്ടറി ഡോ. സി. സ്മൃതി ജോസ്, സംഘാടക സമിതി അധ്യക്ഷൻ ഡോ. വിനിത് ഡാനി ജോസഫ്, സംഘാടക സമിതി സെക്രട്ടറി ഡോ. ജോസഫ് ബോസ്, ഡോ. അന്ന ഡാനിയേൽ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ), ഡോ. മുഹമ്മദ് ഷെരീഫ് (കെ.എം.സി.ടി. കോളേജ് ഓഫ് അലൈഡ് ഹെൽത്ത് പ്രൊഫഷൻ) തുടങ്ങിയവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.



# അനാവശ്യ നിയമങ്ങൾ നിധി കമ്പനികളുടെ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നു

**കൊച്ചി:** അനാവശ്യ നിയമനിർമാണങ്ങളിലൂടെയും ഉദ്യോഗസ്ഥ ഇടപെടലുകളിലൂടെയും ഗ്രാമീണരുടെ സാമ്പത്തിക ആവശ്യങ്ങൾക്കു അത്താണിയായ നിധി കമ്പനികളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കരുതെന്ന് നിധി കമ്പനി അസോസിയേഷൻ (എൻ.സി.എ) എറണാകുളം മേഖലാ സമ്മേളനം ആവശ്യപ്പെട്ടു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 1000 ൽപരം നിധി കമ്പനികൾ കേരളത്തിന്റെ സാമ്പത്തിക ഘടനയിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ടെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത ആന്റണി ജോൺ എം.എൽ.എ പറഞ്ഞു. വാർഷിക പൊതുയോഗത്തിന്റെ ഉദ്ഘാടനം എൻ.സി.എ സംസ്ഥാന പ്രസിഡന്റ് ഡേവീസ് എ. പാലത്തിങ്കൽ നിർവഹിച്ചു. സോണൽ പ്രസിഡന്റ് എം. വി മോഹനൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എ. എ സലീഷ് മുഖ്യ പ്രഭാഷണം നടത്തി. നിധി കമ്പനി നിയമങ്ങളെക്കുറിച്ചു നടന്ന ചർച്ചകൾക്ക് സംസ്ഥാന വൈസ് പ്രസിഡന്റ് ഇ. എ ജോസഫ് നേതൃത്വം നൽകി. സെക്രട്ടറി കെ. ഒ വർഗീസ്, ജോ. സെക്രട്ടറി ജോബി ജോർജ്, സ്വാഗതസംഘം ചെയർമാൻ വി.എസ് തങ്കപ്പൻ, ജനറൽ കൺവീനർ എം. യു ബേബി, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ യു. ടി രാജൻ, സേവ്യർ ജീൻസൺ, സ്വാഗതസംഘം വൈസ് ചെയർമാൻമാരായ ടി. ബി ജോഷി അഗസ്റ്റസ് സിറിൽ, സോണൽ വൈസ് പ്രസിഡന്റുമാരായ എം. പി മത്തായി, സി. രാജഗോപാൽ, ഡോ. കെ. പത്മനാഭൻ, മുൻ പ്രസിഡന്റ് ജെന്നി എം. ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു. ബിസിനസ് പെർഫോമൻസ്, വിദ്യാഭ്യാസ അവാർഡ് വിതരണം, ചികിത്സ ധന സഹായ വിതരണം, മുതിർന്ന അംഗങ്ങളെ ആദരിക്കൽ, കുടുംബ സംഗമം എന്നിവയായിരുന്നു മറ്റു പരിപാടികൾ.



# പീയൂഷ് പാണ്ഡെയെ അനുസ്മരിച്ച് പെപ്പർ ട്രസ്റ്റ്

**കൊച്ചി:** ഇന്ത്യൻ പരസ്യലോകത്തെ അതുല്യ പ്രതിഭയും മറക്കാനാവാത്ത പരസ്യങ്ങളുടെ സൃഷ്ടാവുമായിരുന്ന പീയൂഷ് പാണ്ഡെയുടെ നിര്യാണത്തിൽ ആദരാഞ്ജലി അർപ്പിച്ച് പെപ്പർ ട്രസ്റ്റ് അനുശോചന യോഗം ചേർന്നു. കാഡ്ബറി, ഫെവിക്കോൾ, ഏഷ്യൻ പെയിന്റ്സ് തുടങ്ങിയ ബ്രാൻഡുകൾക്കായി അദ്ദേഹം ഒരുക്കിയ സമാനതകളില്ലാത്ത പരസ്യങ്ങളെക്കുറിച്ച് യോഗത്തിൽ പങ്കെടുത്തവർ അനുസ്മരിച്ചു. പരസ്യരംഗത്ത് ഇംഗ്ലീഷ് ആധിപത്യം ഉണ്ടായിരുന്ന കാലത്ത് സാധാരണക്കാരുടെ ഭാഷയിൽ സംസാരിച്ച പാണ്ഡെ, തന്റെ എല്ലാ സൃഷ്ടികളിലും നൂറുശതമാനം ഇന്ത്യൻ സ്വഭാവം പകർന്നുവെന്നും യോഗം വിലയിരുത്തി. 2017ൽ പെപ്പർ അവാർഡ്സ് ചടങ്ങിന് മുഖ്യാതിഥിയായി കൊച്ചിയിലെത്തിയപ്പോൾ ഇവിടുത്തെ പരസ്യരംഗത്തെ യുവതലമുറയ്ക്ക് അദ്ദേഹം പ്രചോദനമായിരുന്നു. പ്രശസ്തമായ 'മിലേ സുർ മേരാ തുമാരാ...' എന്ന ഗാനം രചിച്ചത് പീയൂഷ് പാണ്ഡെയാണ്. അദ്ദേഹം എഴുതിയ 17 ഗാനങ്ങൾ തള്ളിക്കളഞ്ഞ ശേഷം സ്വീകരിച്ച പതിനെട്ടാമത്തെ രചനയായിരുന്നു ഇത്. ഐക്യത്തോടെ ഇന്ത്യ എങ്ങനെ പ്രവർത്തിക്കുന്നു എന്ന് ഓർമിപ്പിക്കുന്ന ശക്തമായ ഗാനമായി ഇത് മാറി. അന്നത്തെ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ സ്വാതന്ത്ര്യദിന പ്രസംഗത്തിന് ശേഷമാണ് ഗാനം ആദ്യമായി പ്രക്ഷേപണം ചെയ്തത്. അതിനുശേഷം ഇത് ദേശീയ അഭിമാനത്തിന്റെ പ്രതീകമായി മാറി. പെപ്പർ ട്രസ്റ്റ് ചെയർമാൻ കെ. വേണുഗോപാൽ, ട്രസ്റ്റിമാരായ ഡോ. ടി. വിനയകുമാർ, പി.കെ നടേശ്, യു.എസ് കുട്ടി, വി. രാജീവ് മേനോൻ, കൊച്ചിയിലെ പരസ്യ രംഗത്തെ പ്രമുഖരായ വിനോദിനി സുകുമാർ, ഡൊമിനിക് സാവിയോ, ക്രിസ്റ്റഫർ, അനിൽ തുടങ്ങിയവർ അനുശോചന യോഗത്തിൽ സംസാരിച്ചു.



# അനുഭവം പാഠമാക്കിയാൽ ജീവിതത്തിൽ പരാജയപ്പെടില്ല: സ്വാമി സ്വരൂപാനന്ദ സരസ്വതി

**കൊച്ചി** ജീവിതാനുഭവങ്ങളിൽ നിന്ന് പഠിച്ച് വളർന്നാൽ ഒരിക്കലും പരാജയപ്പെടില്ലെന്ന് ചിന്മയ മിഷൻ ആഗോള അധ്യക്ഷനും ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല ചാൻസിലറുമായ സ്വാമി സ്വരൂപാനന്ദ സരസ്വതി. കൊച്ചിയിൽ ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ അഞ്ചാമത് ബിരുദ സമർപ്പണച്ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. തെറ്റുകളെയും പരാജയങ്ങളെയും പുതിയ പാഠങ്ങളാക്കി മാറ്റാൻ പഠിക്കാണമെന്ന് അദ്ദേഹം വിദ്യാർഥികളോട് പറഞ്ഞു. ഇൻഫോസിസ് സഹസ്ഥാപകൻ ക്രിസ് ഗോപാലകൃഷ്ണൻ, ചെല്ലാറാം ഡയബറ്റീസ് ഇൻസ്റ്റിറ്റ്യൂട്ട് സി.ഇ.ഒ ഡോ. എ.ജി ഉണ്ണികൃഷ്ണൻ തുടങ്ങിയവർ വിശിഷ്ടാതിഥികളായി. സർവകലാശാലയുടെ വിവിധ സ്കൂളുകളിൽ നിന്ന് പഠനം പൂർത്തിയാക്കിയവരും വിവിധ വിഷയങ്ങളിൽ ഗവേഷണം പൂർത്തിയാക്കിയവരുൾപ്പെടെ 160 വിദ്യാർഥികൾ സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി. മികച്ച പ്രകടനം നടത്തിയ വിദ്യാർഥികൾക്ക് സ്വർണമെഡലും പ്രശസ്തിപത്രവും ചടങ്ങിൽ വിതരണം ചെയ്തു. സർവകലാശാല ട്രസ്റ്റ് ജോയിന്റ് സെക്രട്ടറി ബി. ഭവേഷ് സദസിന് ചിന്മയ മിഷൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ചിന്മയ മിഷൻ കേരള മേധാവി സ്വാമി വിവിക്താനന്ദ സരസ്വതി, മാനേജിങ് ട്രസ്റ്റി അപ്പാറാവു മുക്കാമല, ട്രസ്റ്റി സുരേഷ് വാദ്വാനി, ചിന്മയമിഷൻ കേരള ചീഫ് സേവക് സുരേഷ് മോഹൻ തുടങ്ങിയവരും സർവകലാശാലയിലെ അധ്യാപകരും,ജീവനക്കാരും വിദ്യാർഥികളും രക്ഷിതാക്കളും ചടങ്ങിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഹൃദ്രോഗികളിൽ ഭൂരിഭാഗവും 50 വയസ്സിന് താഴെയുള്ളവരെന്ന് സർവേ

**കൊച്ചി:** ഇന്ത്യയിലെ ഹൃദ്രോഗികളിൽ ഭൂരിഭാഗവും 50 വയസിൽ താഴെയുള്ളവരാണെന്ന് സർവ്വേ വ്യക്തമാക്കുന്നു. യുവാക്കൾ ഗുരുതരമായ ഹൃദയരോഗങ്ങൾ നേരിടേണ്ടി വരുന്നുണ്ടെന്നും സർവ്വേ വ്യക്തമാക്കുന്നു. അതോടൊപ്പം, രോഗത്തെക്കുറിച്ചുള്ള പ്രാരംഭ മുന്നറിയിപ്പുകൾ അവഗണിക്കുന്നതും ആധുനിക ഹൃദയ ചികിത്സയ്ക്ക് സാമ്പത്തികമായി തയ്യാറല്ലാത്തതും വ്യാപകമാണെന്നും ജനറൽ ഇൻഷുറൻസ് സേവനദാതാക്കളിൽ ഒന്നായ ടാറ്റ എഐജിയ്ക്കു വേണ്ടി രാജ്യവ്യാപകമായി 300 ഓളം കാർഡിയോളജിസ്റ്റുകളിൽ നടത്തിയ സർവേയുടെ കണ്ടെത്തലുകളിൽ വ്യക്തമാക്കുന്നു.

കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ ഹൃദയാരോഗ്യ പരിചരണ രംഗത്ത് വലിയ മാറ്റം സംഭവിച്ചുവെന്ന് സർവേ വ്യക്തമാക്കുന്നു. ഹൃദ്രോഗം ഇപ്പോൾ കൂടുതൽ യുവാക്കളെ ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. 74 ശതമാനം ഡോക്ടർമാരും അവരുടെ രോഗികളിൽ ഭൂരിഭാഗവും 50 വയസ്സിന് താഴെ പ്രായമുള്ളവരാണെന്ന് റിപ്പോർട്ട് ചെയ്യുന്നു. 36 ശതമാനം ഡോക്ടർമാർ 31-40 വയസ്സുകാരാണ് ഹൃദ്രോഗികൾ എന്ന് കാണുന്നു. അതേസമയം 38 ശതമാനം ഡോക്ടർമാർ കാണുന്നത് 41-50 വയസ്സുള്ള രോഗികളെയാണ്. എന്നാൽ ഒരു ദശാബ്ദം മുമ്പ്, 87 ശതമാനം കേസുകളും 41 വയസ്സിന് മുകളിലുള്ളവരെയാണ് ബാധിച്ചിരുന്നത്. സർവേയിൽ പങ്കെടുത്ത 78 ശതമാനം ഡോക്ടർമാരും റിപ്പോർട്ട് ചെയ്തത് ഹൃദയ സംബന്ധമായ പ്രശ്നങ്ങളുടെ ഏറ്റവും നിർണായകമായ പ്രാരംഭ മുന്നറിയിപ്പായ നെഞ്ചുവേദനയോ അതുപോലുള്ള അസ്വസ്ഥതയോ രോഗികൾ അവഗണിക്കുന്നു എന്നാണ്. ഇത് രോഗനിർണയം വൈകുന്നതിലേക്ക് നയിക്കുന്നു. ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന ഹൃദ്രോഗങ്ങളുടെ പ്രധാന കാരണം ഉയർന്ന മാനസിക സമ്മർദ്ദവും അനാരോഗ്യകരമായ ഭക്ഷണക്രമവും ആണെന്ന് സർവേ വ്യക്തമാക്കുന്നു.

ഹൃദയത്തിന് ഗണ്യമായ കേട് സംഭവിച്ചതിനുശേഷം മാത്രമേ രോഗികൾ വൈദ്യസഹായം തേടുന്നുള്ളൂ എന്നതാണ് സ്ഥിതി കൂടുതൽ വഷളാക്കുന്നത്. ലിംഗസംബന്ധിയായ പ്രധാനപ്പെട്ട ഉൾക്കാഴ്ചകളും സർവേ വെളിപ്പെടുത്തുന്നുണ്ട്. 34 ശതമാനം ഡോക്ടർമാർ സ്ത്രീകൾക്കും പുരുഷന്മാരെപ്പോലെ തന്നെ ഹൃദയാഘാത സാധ്യതയുണ്ടെന്ന് സമ്മതിക്കുന്നു, 16 ശതമാനം പേർ സ്ത്രീകളുടെ ഹൃദ്രോഗ ലക്ഷണങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുന്നുവെന്നും ഇത് രോഗനിർണയത്തിലെ അപാകതയിലേക്ക് നയിക്കുന്നുവെന്നും അഭിപ്രായപ്പെടുന്നു. 40 വയസ്സിന് താഴെയുള്ള വ്യക്തികളിലും ഹൃദയാഘാത സാധ്യത വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ഇതിന് കാരണം ഉദാസീനമായ ജീവിതശൈലി, മോശം ഭക്ഷണക്രമം, അപര്യാപ്തമായ ഉറക്കം എന്നിവയാണ്. ഹൃദ്രോഗത്തിന്റെ ആഘാതം കുറയ്ക്കുന്നതിന് പ്രതിരോധം, നേരത്തെയുള്ള കണ്ടെത്തൽ, രോഗത്തിന്റെ മാനേജ്മെന്റ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഇന്ത്യയുടെ ഹൃദയാരോഗ്യ പ്രശ്നം വൈദ്യശാസ്ത്രപരവും സാമ്പത്തികപരവുമായ വെല്ലുവിളിയാണെന്ന് തിരിച്ചറിയേണ്ടതുണ്ടെന്ന് ടാറ്റ എ.ഐ.ജി ജനറൽ ഇൻഷുറൻസ് കമ്പനി സീനിയർ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും കൺസ്യൂമർ ക്ലെയിംസ് ദേശീയ തലവനുമായ രാജഗോപാൽ രുദ്രരാജു പറഞ്ഞു.

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ കാർഡിയോളജി ചികിത്സകളുടെ ചെലവ് ഏകദേശം 65 ശതമാനം വർദ്ധിച്ചു. സാമ്പത്തിക സ്രോതസ്സുകളുടെ അഭാവം മൂലം ചികിത്സ വൈകുന്നില്ലെന്ന് ഉറപ്പാക്കുന്ന സമഗ്ര ഇൻഷുറൻസ് പരിരക്ഷയിലൂടെ അപ്രതീക്ഷിത ആരോഗ്യ പ്രതിസന്ധികൾക്കായി ആസൂത്രണം ചെയ്യേണ്ടത് എത്രത്തോളം നിർണായകമാണെന്ന് ഈ വർദ്ധനവ് അടിവരയിടുന്നുവെന്നും അദ്ദേഹം പറഞ്ഞു.



# ലണ്ടനിലെ പ്രഭാഷണ പരമ്പരയിൽ കൊച്ചി ബിനാലെ; ക്യൂറേറ്റോറിയൽ സമീപനം വിശദീകരിച്ച് നിഖിൽ ചോപ്ര

**കൊച്ചി:** മനുഷ്യശരീരത്തിന്റെ ചലനങ്ങൾ പോലെയുള്ള പ്രക്രിയയാണ് കൊച്ചിമുസിരിസ് ബിനാലെ (കെ.എം.ബി.)യുടെ ആറാം പതിപ്പെന്ന് ക്യൂറേറ്റർ നിഖിൽ ചോപ്ര പറഞ്ഞു. ദുർജോയ് ബംഗ്ലാദേശ് ഫൗണ്ടേഷൻ (ഡി.ബി.എഫ്)കെ.എം.ബി പ്രഭാഷണ പരമ്പരയുടെ രണ്ടാം പതിപ്പായ 'ന്യൂ ഡയലോഗ്സ്: കണ്ടംപററി ആർട്ട് ഫ്രം സൗത്ത് ഏഷ്യ' എന്ന വിഷയത്തിൽ ലണ്ടനിലെ ഹേവാർഡ് ഗാലറിയിൽ നടന്ന പ്രഭാഷണത്തിൽ ഓൺലൈനായി സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗോവ കേന്ദ്രമായുള്ള എച്ച്.എച്ച് ആർട്ട് സ്പേസസുമായി ചേർന്നാണ് നിഖിൽ ചോപ്ര കെ.എം.ബി യുടെ പുതിയ പതിപ്പ് ക്യൂറേറ്റ് ചെയ്യുന്നത്. കെ.എം.ബിയുടെ ആറാം പതിപ്പ് 2025 ഡിസംബർ 12ന് ആരംഭിച്ച് 2026 മാർച്ച് 31 ന് സമാപിക്കും. കലാകാരന്മാർ തങ്ങളുടെ സൃഷ്ടികൾ പൂർത്തീകരിക്കാൻ കഠിനാധ്വാനം ചെയ്യുമ്പോൾ മൂന്നാമതൊരു ശരീരം രൂപപ്പെടുന്ന പോലെയാണ് അനുഭവപ്പെടുന്നത്. കൂട്ടായ പ്രയത്നത്തിലൂടെ നവീനമായി എന്തെങ്കിലും സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ചാണ് പ്രദർശന മുടനീളം സംസാരിക്കാൻ പോകുന്നതെന്നും നിഖിൽ പറഞ്ഞു. ബിനാലെ ആറാം പതിപ്പ് 'ചലനാത്മകമായ പ്രക്രിയയാണ്, അത് സജീവവും, രൂപമാറ്റം വരുന്നതും, ചലിക്കുന്നതും, സ്പന്ദിക്കുന്നതും, ശ്വാസമെടുക്കുന്നതും, വിയർക്കുന്നതുമായ അവസ്ഥയിലൂടെ കലാകാരന്മാരുടെ കൂട്ടായ ആത്മാവിനെ പ്രതിഫലിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സാംസ്കാരിക, കലാപരവും, ക്യൂറേറ്റോറിയൽ രീതികളെക്കുറിച്ചുള്ള ഈ പ്രഭാഷണ പരമ്പര ലണ്ടനിലെ ക്വീൻ എലിസബത്ത് ഹാളിലെ പർസെൽ റൂമിലാണ് നടന്നത്. പഴയ സുഗന്ധവ്യഞ്ജനങ്ങളുടെ സംഭരണശാലകൾ ഉൾപ്പെടെയുള്ള മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, വെല്ലിംഗ്ടൺ ഐലന്റ് എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ബിനാലെ വേദികളായി നവീകരിക്കുന്നതിന്റെ ദൃശ്യങ്ങൾ ഉൾക്കൊള്ളുന്ന ഹ്രസ്വ വീഡിയോ അദ്ദേഹം അവതരിപ്പിച്ചു.

ഈ ഇടങ്ങളിലൂടെ മുൻപ് കടന്നുപോയ ആളുകളെയും ആശയങ്ങളെയും പോലെ, നമ്മളും ഇതുവഴി കടന്നു പോകും. സ്ഥിരതയുടെ ഉറച്ചനിലത്തു നിന്നല്ല, മറിച്ച് നശ്വരതയുടെ സ്ഥാനത്ത് നിന്നാണ് ഈ പ്രദർശനത്തെക്കുറിച്ച് ചിന്തിക്കുന്നത്. താത്കാലികതയെക്കുറിച്ചാണ് ചിന്തിക്കുന്നത്, ഓർമ്മ, മായാതെ നിൽക്കുന്ന സുഗന്ധം പോലെ ഈ സ്ഥലത്തിലൂടെ കടന്നുപോകുമ്പോൾ പിന്നിൽ അവശേഷിപ്പിക്കാൻ ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

ബംഗ്ലാദേശ് ആർട്ട് ഫിലാന്ത്രോപ്പിസ്റ്റ് ദുർജോയ് റഹ്മാൻ, ബ്രിട്ടീഷ് ക്യൂറേറ്റർ റാൽഫ് റുഗോഫ് തുടങ്ങിയവരും സദസിനെ അഭിസംബോധന ചെയ്തു. കൊച്ചിമുസിരിസ് ബിനാലെ എല്ലായ്പ്പോഴും ഒരു സംഗമ സ്ഥാനമാണെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ (കെ.ബി.എഫ്) ഇന്റർനാഷണൽ പാർട്ണർഷിപ്പ്സ് ആൻഡ് പ്രോഗ്രാം ഹെഡ് ഡോ. ശ്വേതൽ പട്ടേൽ പറഞ്ഞു. ലോകത്തെമ്പാടുമുള്ള കലാകാരന്മാരെയും ചിന്തകരെയും കലാവിദഗ്ധരെയും ഒരുമിച്ച് കൊണ്ടുവന്ന് കലാപരവും ക്യൂറേറ്റോറിയലുമായ രീതികൾ കൊണ്ട് പരമ്പരാഗത ചിന്താഗതികളെ വെല്ലുവിളിക്കുന്ന സംവാദത്തിനും, കൈമാറ്റത്തിനും, പരീക്ഷണങ്ങൾക്കുമുള്ള ഇടമായാണ് ബിനാലെ നിലകൊള്ളുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അബ്ദുൾ ഹാലിക് അസീസ്, ഹിറ്റ് മാൻ ഗുരുങ്, റൈസ കബീർ, ജിതിഷ് കല്ലട്ട്, സഹറ മൽക്കാനി, പല്ലവി പോൾ, ശീലാഷ രാജ്ഭണ്ഡാരി എന്നിവരായിരുന്നു മറ്റ് പ്രഭാഷകർ. മാരിയോ ഡിസൂസയും ഡോ. പട്ടേലും ചേർന്നാണ് പാനൽ ചർച്ചകൾക്ക് മോഡറേറ്റർമാരായത്. എഴുത്തുകാരി കാമില ഷംസി മുഖ്യ പ്രഭാഷണം നടത്തി.



# ബാലാവകാശ സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** വൈക്കം, ചേർത്തല മേഖലകളിലെ നിർധന കുടുംബങ്ങളിൽ നിന്നുള്ള പഠനത്തിൽ സമർത്ഥരായ വിദ്യാർത്ഥികൾക്കായി എറണാകുളം അങ്കമാലി അതിരുപതാ സാമൂഹ്യപ്രവർത്തന വിഭാഗമായ സഹൃദയ നടപ്പാക്കി വരുന്ന വിദ്യാദർശൻ പദ്ധതിയുടെ ആഭിമുഖ്യത്തിൽ കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവത്കരണ സെമിനാർ സംഘടിപ്പിച്ചു. പൊന്നുരുന്നി കാർഡിനൽ പാറേക്കാട്ടിൽ ഓഡിറ്റോറിയത്തിൽ സഹൃദയ ഡയറക്ടർ ഫാ.ജോസ് കൊളുത്തു വെള്ളിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ജർമനി ആസ്ഥാനമായ റേ ഓഫ് ഹോപ് ചിൽഡ്രൻസ് ഫൗണ്ടേഷൻ ഫൗണ്ടർ ചെയർമാൻ ഫാ. തോമസ് മുട്ടം ഉദ്ഘാടനം ചെയ്തു. റേ ഓഫ് ഹോപ് ചിൽഡ്രൻസ് ഫൗണ്ടേഷൻ ബോർഡ് അംഗങ്ങളായ സൂസന്നെ, ബെറ്റിന, സ്റ്റെഫി, ഫ്രാങ്ക് എന്നിവർ കുട്ടികളുമായി സംവാദം നടത്തി. സഹൃദയ അസി. ഡയറക്ടർ ഫാ.സിബിൻ മനയംപിള്ളി സെമിനാർ നയിച്ചു. പ്രോഗ്രാം ഓഫീസർ കെ. ഒ മാത്യൂസ്, കോ ഓർഡിനേറ്റർ സിസ്റ്റർ ജൂലി, അനഘ ജോബി എന്നിവർ സംസാരിച്ചു.




# പ്രതിസന്ധികളെ സാധ്യതകളാക്കി മാറ്റാനാവണം: മിനി ജോർജ്ജ്

**കൊച്ചി:** ദി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐ.സി.എം.എ.ഐ) കൊച്ചിൻ ചാപ്റ്റർ ബി.എഫ്. എസ്.ഐ ബോർഡ് ഓഫ് ഐ.സി.എം.എ.ഐയുമായി ചേർന്ന് 'സാമ്പത്തിക രംഗത്തെ അപകട സാധ്യതകളും സുസ്ഥിത പരിഹാര മാർഗ്ഗങ്ങളും' എന്ന വിഷയത്തിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു. അഗ്രികൾച്ചറൽ ഇൻഷൂറൻസ് കമ്പനി ഓഫ് ഇന്ത്യ ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ മിനി ജോർജ്ജ് ഉദ്ഘാടനം ചെയ്തു. ആഗോള രാഷ്ട്രീയ സാഹചര്യങ്ങൾ , സാങ്കേതിക തകരാറുകൾ, വ്യവസായ രംഗത്തെ സംഭവവികാസങ്ങൾ തുടങ്ങി എല്ലായിടങ്ങളിലും അപകട സാധ്യതകളുണ്ടെങ്കിലും അവയെ മറികടക്കാൻ സാധിക്കണമെന്ന് മിനി ജോർജ്ജ് പറഞ്ഞു. അപകട സാധ്യതകൾ മനസ്സിൽ നെഗറ്റീവ് ചിന്തകളുണ്ടാക്കുമെന്നതിനാൽ പലരും അതിനെ അവഗണിക്കാനാണ് ശ്രമിക്കാറുള്ളത്. എന്നാൽ അവഗണിക്കുന്നതിന് പകരം മറ്റൊരു കാഴ്ചയിലൂടെ കാണാൻ ശ്രമിക്കണമെന്നും അതൊരു സാധ്യതയാണെന്ന് വിലയിരുത്തണമെന്നും അവർ ചൂണ്ടിക്കാട്ടി. ഐ.സി.എം.എ.ഐ കൊച്ചിൻ ചാപ്റ്റർ ചെയർപേഴ്സൺ ആർ.രഞ്ജിനി , സെക്രട്ടറി എസ്.അരുൺ കുമാർ, വൈസ് ചെയർമാൻ ജോർജ്ജ് പി. മാത്യു, എസ്. ഐ. ആർ. സി. ഓഫ് ഐ.സി.എം.എ ഐ മുൻ ചെയർപേഴ്സൺ ശങ്കർ പി. പണിക്കർ, ബി.എസ്.എഫ്.ഐ ബോർഡ് ഓഫ് ഐ.സി.എം.എ.ഐ ചെയർപേഴ്സൺ ചിത്തരഞ്ജൻ ചതോപാധ്യായ് എന്നിവർ പ്രസംഗിച്ചു. വിവിധ ടെക്നിക്കൽ സെഷനുകളിലായി ആക്സിസ് ബാങ്ക് മീഡിയം എന്റർപ്രൈസസ് ഗ്രൂപ്പ് വൈസ് പ്രസിഡന്റും സ്റ്റേറ്റ് ഹെഡുമായ എ.ജെ ദേവി, സെബി ജനറൽ മാനേജർ വെങ്കിടേശ്വരൻ രാമകൃഷ്ണൻ, ഫെഡറൽ ബാങ്ക് ചീഫ് റിസ്ക് ഓഫീസർ സി. ദാമോദരൻ, നാഷണൽ ഇൻഷൂറൻസ് കമ്പനി ട്രിവാൻഡ്രം ബിസിനസ് ഓഫീസ് ചീഫ് ബിസിനസ് മാനേജർ ഗീതാ നായർ എന്നിവർ സംസാരിച്ചു.

# രാജ്യാന്തര സമുദ്ര ഗവേഷണ സിമ്പോസിയത്തിൽ വ്യവസായ സംഗമം

**കൊച്ചി:** നവംബർ നാല് മുതൽ ആറ് വരെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) നടക്കുന്ന നാലാമത് രാജ്യാന്തര സമുദ്ര ആവാസവ്യവസ്ഥ സിമ്പോസിയത്തിൽ (മീകോസ് 4) വ്യവസായ സംഗമം സംഘടിപ്പിക്കും.

ഫിഷറീസ്, മത്സ്യകൃഷി, സമുദ്രോൽപന്ന രംഗത്തെ പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യും. സീഫുഡ് കയറ്റുമതി, മത്സ്യകൃഷി, ഹാച്ചറി, മത്സ്യതീറ്റ നിർമാണം, അലങ്കാരമത്സ്യ വിപണനം തുടങ്ങിയ മേഖലകളിലെ പ്രതിനിധികൾ വ്യവസായ സംഗമത്തിൽ പങ്കെടുക്കും. നവംബർ അഞ്ചിന് രാവിലെ 10നാണ് സംഗമം.

MECOS 4
THE INTERNATIONAL SYMPOSIUM
4 - 6 November 2025, ICAR-CMFRI, Kochi

സമുദ്രോൽപന്ന കയറ്റുമതി, സമുദ്രകൃഷി മേഖലകളെ ആശ്രയിക്കുന്ന കർഷകർ, വ്യാപാരികൾ, സംരംഭകർ തുടങ്ങിയവർ അനുഭവങ്ങൾ പങ്കുവെക്കും. സമുദ്രോൽപന്ന മേഖലയുടെ വികസനം ലക്ഷ്യമിട്ട് വിദഗ്ധരുടെ മേൽനോട്ടത്തിൽ വികസനരൂപ രേഖ തയ്യാറാക്കും.

മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (എം.ബി.എ.ഐ), സി.എം.എഫ്.ആർ.ഐയുമായി സഹകരിച്ചാണ് സിമ്പോസിയം സംഘടിപ്പിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം, ഉയരുന്ന സമുദ്രതാപനില എന്നിവ സമുദ്ര ആവാസവ്യവസ്ഥയിൽ വരുത്തുന്ന മാറ്റങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് സിമ്പോസിയം ഊന്നൽ നൽകും. മത്സ്യകൃഷി, ഹാച്ചറി ഉൽപാദനം, സംസ്കരണം, മൂല്യവർധിത ഉൽപാദനം, ഫീഡ് മാനേജ്മെന്റ് മേഖലകളിലെ പുത്തൻ സാങ്കേതികവിദ്യകളുടെ പ്രദർശനവും സിമ്പോസിയത്തിന്റെ ഭാഗമായി നടക്കും. വ്യവസായ സംഗമത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഒക്ടോബർ 30ന് മുമ്പായി രജിസ്റ്റർ ചെയ്യണം.



# ഇനി സമുദ്രവിഭവങ്ങൾ ലൈവായി രുചിക്കാം; ലുലുവിൽ സീഫുഡ് ഫെസ്റ്റിന് തുടക്കം

**കൊച്ചി:** സമുദ്ര വിഭവങ്ങളുടെ രുചിക്കൂട്ടുമായി ലുലു ഹൈപ്പർമാർക്കറ്റിൽ സീ ഫുഡ് ഫെസ്റ്റിന് തുടക്കമായി. നൂറിലധികം സമുദ്രോത്പന്നങ്ങൾക്കൊപ്പം 41 ലധികം സമുദ്രവിഭവങ്ങളും മേളയുടെ ആകർഷണമാണ്. ഫെസ്റ്റിന്റെ ഉദ്ഘാടനം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് നിർവഹിച്ചു. കേരളത്തിന്റെ മത്സ്യസമ്പത്തിന്റെ തനിമ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ലുലു എടുത്ത ഉദ്യമത്തിന് മുഹമ്മദ് ഹനീഷ് ആശംസ അറിയിച്ചു. പരമ്പരാഗത മത്സ്യ വിഭവങ്ങൾ ഏറ്റവും ശുചിത്വത്തോടെയാണ് ലുലുവിൽ ഒരുക്കിയിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. സീ ഫുഡ് സ്റ്റാളുകൾ സന്ദർശിച്ച അദ്ദേഹം ലുലുവിന്റെ ഷെഫുമാർ ഒരുക്കിയ സമുദ്രവിഭവങ്ങളുടെ ലൈവ് പാചകം ആസ്വദിക്കുകയും അവ ഭക്ഷിക്കുകയും ചെയ്തു. കേരളത്തിലെ മത്സ്യങ്ങൾക്ക് പുറമേ വിവിധ രാജ്യങ്ങളിൽ നിന്നുള്ള മത്സ്യരുചികളും മേളയുടെ ഭാഗമാണ്.

41ൽ പരം മത്സ്യ വിഭവങ്ങളുടെ പ്രത്യേക കൗണ്ടറുകളും സജ്ജീകരിച്ചിട്ടുണ്ട്. ലുലുവിലെ ഷെഫുമാരുടെ നേതൃത്വത്തിൽ സ്വാദിഷ്ടവുമായ രുചിക്കൂട്ടുകളിലാണ് സീ ഫുഡ് ഫെസ്റ്റിവൽ ഒരുങ്ങിയിരിക്കുന്നത്. കേരളത്തിലെ പരമ്പരാഗത സമുദ്രവിഭങ്ങൾ ഒരുക്കി ഞണ്ട്, കൊഞ്ച്, കൂന്തൽ, നെയ്മീൻ, ആവോലി, ചെമ്പല്ലി എന്നീ മത്സ്യങ്ങളുടെ വിഭവങ്ങൾ ഉൾപ്പടെ സീഫുഡ് ബിരിയാണി, കല്ലിൽ ചുട്ട ചെമ്മീൻ, വ്യത്യസ്തതരം മത്സ്യ ഉത്പ്പന്നങ്ങൾ, മീൻ അച്ചാറുകൾ എന്നിവ സീ ഫുഡ് കൗണ്ടറിൽ ലഭ്യമാണ്. മരട് ഫോറം മാളിലെ ലുലു ഡെയിലിയിലും സീ ഫുഡ് ഫെസ്റ്റ് ഈ ദിവസങ്ങളിൽ നടക്കും. നവംബർ രണ്ട് വരെ ലുലു ഹൈപ്പർ മാർക്കറ്റിൽ സീ ഫുഡ് ഫെസ്റ്റ് തുടരും. ചടങ്ങിൽ ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി സ്വരാജ്, കൊച്ചി ലുലുമാൾ ജനറൽ മാനേജർ വിഷ്ണു ആർ. നാഥ്, ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനേടത്ത്, ലുലു ഹൈപ്പർമാർക്കറ്റ് ഡെപ്യൂട്ടി ജനറൽ മാനേജർ ജയേഷ് നായർ , ബയ്യിങ്ങ് മാനേജർ സന്തോഷ് കൊട്ടാരത്ത് തുടങ്ങിയവർ പങ്കെടുത്തു.

# ഹ്യൂണ്ടായ് വെന്യുവിന്റെ ബുക്കിംഗ് ആരംഭിച്ചു; ദീപിക പദുക്കോൺ അംബാസഡർ

**കൊച്ചി:** പുതിയ ഹ്യൂണ്ടായ് വെന്യൂ കോംപാക്റ്റ് എസ്.യു.വിയുടെ ബുക്കിംഗ് ആരംഭിച്ചു. 25,000 രൂപ നൽകി ഉപഭോക്താക്കൾക്ക് പുതിയ മോഡൽ ബുക്ക് ചെയ്യാം. ടെക് അപ്. ഗോ ബിയോണ്ട്' എന്ന കാഴ്ചപ്പാടോടെ പുറത്തിറക്കിയ പുതിയ വാഹനം, ബോൾഡ് ഡിസൈനിലും നൂതന സാങ്കേതികവിദ്യയിലും പുതിയ നിർവചനമാകാനാണ് ലക്ഷ്യമിടുന്നത്. ഈ വാഹനം പുറത്തിറക്കുന്നതിനോടനുബന്ധിച്ചുള്ള വീഡിയോയിൽ, ഗ്ലോബൽ ഐക്കണും ബ്രാൻഡ് അംബാസഡറുമായ ദീപിക പദുക്കോൺ വെന്യുവിന്റെ ശക്തിയും കൃത്യതയും ഒരു ഫൈറ്റർ ജെറ്റിനോട് താരതമ്യം




ചെയ്യുന്നു. ചടുലവും സാങ്കേതികമായി സമ്പന്നവുമായ ഡ്രൈവിംഗ് അനുഭവം ആഗ്രഹിക്കുന്ന പുതിയ കാലത്തെ ഉപഭോക്താക്കളെയാണ് ഹ്യൂണ്ടായ് ഇതിലൂടെ ലക്ഷ്യമിടുന്നത്.'പുതിയ ഹ്യൂണ്ടായ് വെന്യൂവിലൂടെ, ഞങ്ങൾ ഈ വിജയഗാഥ കൂടുതൽ മുന്നോട്ട് കൊണ്ടുപോകുകയാണ്. സമകാലിക ഉപഭോക്താക്കളുടെ അഭിലാഷങ്ങളുമായി പ്രതിധ്വനിക്കുന്ന നൂതന സാങ്കേതികവിദ്യ സംയോജിപ്പിച്ചുകൊണ്ട് ധീരമായ രൂപകൽപ്പനെയും ആധുനിക പ്രീമിയം നിലവാരത്തെയും ഞങ്ങൾ പുനർനിർവചിക്കുന്നുവെന്ന് ഹ്യൂണ്ടായ് മോട്ടോർ ഇന്ത്യ ലിമിറ്റഡിന്റെ ഹോൾ ടൈം ഡയറക്ടറും ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറുമായ തരുൺ ഗാർഗ് പറഞ്ഞു.

# പുതിയ ആരോഗ്യ ക്യാമ്പയിൻ അവതരിപ്പിച്ച് എ.ബി.സി

**കൊച്ചി:** ഋതുക്കൾ മാറുന്നതനുസരിച്ച് എങ്ങനെയൊക്കെ പ്രതിരോധശേഷി കൂട്ടാമെന്ന വിഷയത്തിൽ പ്രത്യേക ക്യാമ്പയിനുമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ.

താപനിലയിലെ വ്യതിയാനങ്ങൾ, അലർജിയുണ്ടാക്കുന്ന വസ്തുക്കളുമായുള്ള കൂടുതൽ സമ്പർക്കം, ദിനചര്യകളിലെ മാറ്റങ്ങൾ എന്നിവയെല്ലാം പ്രതിരോധ സംവിധാനത്തിന് ദോഷകരമായി ബാധിക്കും. ഇത് ജലദോഷം, പനി, ക്ഷീണം എന്നിവയ്ക്ക് വഴിയൊരുക്കുമെന്നും ക്യാമ്പയിൻ ചൂണ്ടിക്കാട്ടുന്നു. സന്തുലിതമായ ഭക്ഷണക്രമം, ശ്രദ്ധയോടെയുള്ള ശീലങ്ങൾ, ആരോഗ്യകരമായ ജീവിതശൈലി എന്നിവയിൽ നിന്നാണ് ശക്തമായ പ്രതിരോധ സംവിധാനം ആരംഭിക്കുന്നത്. ബദാം, പച്ചക്കറികൾ, കൊഴുപ്പുള്ള മത്സ്യം തുടങ്ങിയ പോഷക സമൃദ്ധമായ വിവിധതരം ഭക്ഷണങ്ങൾ ഉൾപ്പെടുത്തുകയും, ശരീരത്തിന്റെ സ്വാഭാവിക പ്രതിരോധം ശക്തമായി നിലനിർത്താൻ ലഘു വ്യായാമങ്ങളിൽ ഏർപ്പെടുകയും ചെയ്യാം.

ദിനചര്യയിൽ ലളിതവും ഫലപ്രദവുമായ ഒരു കൂട്ടിച്ചേർക്കലാണ് കാലിഫോർണിയ ബദാം, പ്രതിരോധശേഷിക്ക് വലിയ ഗുണങ്ങൾ നൽകുന്ന നട്സാണിതെന്ന് ക്യാമ്പയിനിൽ സംസാരിച്ച ന്യൂഡൽഹി മാക്സ് ഹെൽത്ത്കെയർ റീജിയണൽ ഹെഡ് ഓഫ് ഡയറ്റീഷ്യനും പോഷകാഹാര വിദഗ്ധയുമായ റിതിക സമദ്ദാർ പറഞ്ഞു. വിറ്റാമിൻ ഇ, സിങ്ക് എന്നിവ ധാരാളമായി കാലിഫോർണിയ ബദാമിൽ അടങ്ങിയിട്ടുണ്ട്. പ്രതിരോധ സംവിധാനത്തിന്റെ സാധാരണ പ്രവർത്തനത്തെ പിന്തുണയ്ക്കുന്ന കോപ്പറിന്റെ നല്ല ഉറവിടം കൂടിയാണ് ബദാം എന്നും അവർ പറഞ്ഞു. 7-8 മണിക്കൂർ ഗുണമേന്മയുള്ള ഉറക്കം, കൂടുതൽ വെള്ളം കുടിക്കൽ, കൊഴുപ്പുള്ള ഭക്ഷണങ്ങൾക്കൊപ്പം സാലഡുകളോ പഴങ്ങളോ പോലുള്ള നാരുകൾ കൂടുതലുള്ള ലഘുവായ ഭക്ഷണങ്ങൾ ചേർക്കൽ തുടങ്ങിയവയും പ്രതിരോധശേഷി നിലനിർത്താൻ പ്രധാനമാണെന്നും ക്യാമ്പയിൻ ചൂണ്ടിക്കാട്ടുന്നു.

# ഹൈലൈറ്റ് മാൾ ഹാലോവീൻ ഇവന്റ് 31ന്

**തൃശൂർ:** ഹൈലൈറ്റ് മാൾ സംഘടിപ്പിക്കുന്ന ഹാലോവീൻ ഇവന്റ് 'ഹാലോവീൻ ബാഷ്' ഒക്ടോബർ 31ന് നടക്കും. ഹൈലൈറ്റ് മാളിൽ വൈകിട്ട് ആറു മുതൽ നടക്കുന്ന പരിപാടിയിൽ ഡി.ജെ ഡീൻ ജോഹാൻസ്, ഡിജെ ആഷ്‌ലി ബ്രൗണി, അസ്ലു അസ്ലുസൈഡ് എന്നിവരുടെ മ്യൂസിക് ഡി.ജെ പ്രോഗ്രാമും എസ്.എഫ്.എക്സ് ഷോ, വാട്ടർ ഡ്രംസ്, കോൾഡ് ഫയർവർക്ക്സ്, ഫെയ്സ് പെയിന്റിങ്ങ്, ഫോട്ടോ ബൂത്ത് തുടങ്ങിയവയും പരിപാടിയുടെ ഭാഗമായി ഒരുക്കുന്നുണ്ട്. 199 രൂപ മുതൽ ടിക്കറ്റുകൾ ലഭ്യമാണ്. ബുക്ക് മൈ ഷോ, ഹൈലൈറ്റ് മാൾ ആപ്പ് എന്നിവ മുഖേനെ ടിക്കറ്റുകൾ ബുക്ക് ചെയ്യാം.

# കൊട്ടക് മഹീന്ദ്ര ബാങ്കിന് ലാഭം 4,468 കോടി രൂപ

**കൊച്ചി:** കൊട്ടക് മഹീന്ദ്ര ബാങ്ക് രണ്ടാം പാദം ഫലങ്ങൾ പ്രഖ്യാപിച്ചു. ബാങ്കിന്റെ ഏകീകൃത ലാഭം 4,468 കോടി രൂപ ആയപ്പോൾ, തനിച്ചുള്ള ലാഭം 3,253 കോടി രൂപ ആയി. 2025 സെപ്റ്റംബർ 30നുള്ള അവസ്ഥയിൽ, ബാങ്കിന്റെ ഏകീകൃത ഉപഭോക്തൃ ആസ്തികൾ 5,76,339 കോടിയായി, കഴിഞ്ഞ വർഷത്തേക്കാൾ 13% വർധനയോടെയാണ് ഇത്. അസറ്റ് മാനേജ്മെന്റിന്റെ മൊത്തം മൂല്യം 7,60,598 കോടിയായി വർഷാന്തര വളർച്ച 12 ശതമാനം. ബാങ്കിന്റെ ബുക്ക് വാല്യു ഓഹരിക്ക് 844 രൂപ ആയി, കഴിഞ്ഞ വർഷത്തെ 740 രൂപയിൽ നിന്ന് 14% ഉയർച്ചയോടെ. സാമ്പത്തിക വർഷം 26ലെ രണ്ടാം പാദ വാർഷിക ആർഒഎ 1.97 ശതമാനവും ആർഒഇ 10.65 ശതതമാനവുമാണ്. ബാങ്കിന്റെ മൂലധന പര്യാപ്തതാ അനുപാതം 22.8 ശതമാനം ആയപ്പോഴും സിഇടി1 അനുപാതം 21.8 ശതമാനം ആയി. ശരാശരി ലിക്വിഡിറ്റി കവറേജ് റേഷിയോ 132 ശതമാനം ആയി രേഖപ്പെടുത്തി. ബാങ്കിന്റെ മൊത്തം കടപ്പത്രങ്ങൾ 4,62,688 കോടി രൂപയായി, വർഷാന്തര വളർച്ച 16ശതമാനം. ശരാശരി മൊത്തം നിക്ഷേപങ്ങൾ 5,10,538 കോടി രൂപ ആയി. 14 ശതമാനം വർധന. സിഎഎസ്എ അനുപാതം 42.3 ശതമാനം ആയി.

നെറ്റ് ഇന്ററസ്റ്റ് ഇൻകം 7,311 കോടി രൂപ ആയി, 4ശതമാനം വർധനയോടെ. ഓപ്പറേറ്റിംഗ് ലാഭം 5,268 കോടി രൂപ (3ശതമാനം വർധന).ബാങ്കിന്റെ മൊത്തം മൊത്ത നിഷ്ക്രിയ ആസ്തി അനുപാദം 1.39 ശതമാനം ആയി കുറഞ്ഞപ്പോൾ, അറ്റ നിഷ്ക്രിയ ആസ്തി അനുപാദം 0.32 ശതമാനം ആയി. പ്രൊവിഷൻ കവറേജ് അനുപാദം 77 ശതമാനം ആയി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ടാലി സൊലൂഷൻസ് എൻബിബിഎൽ ഭാരത് കണക്കുമായി സംയോജിപ്പിക്കും

**കൊച്ചി:** ഇൻവോയ്സിങ്, വിതരണക്കാരുമായുള്ള ആശയവിനിമയം, കളക്ഷനുകൾ, പെയ്മെന്റുകൾ, റീകൺസീലിയേഷനുകൾ തുടങ്ങിയവയെല്ലാം കൂടുതൽ ഫലപ്രദമായി നടത്താനും കാഷ് ഫ്ളോ മെച്ചപ്പെടുത്താനും കാലതാമസം ഒഴിവാക്കി പ്രവർത്തനങ്ങൾ സുഗമമാക്കാനും സംരംഭങ്ങളെ സഹായിക്കുന്ന രീതിയിൽ ഭാരത് കണക്ട് ഫോർ ബിസിനസ് സംവിധാനം ടാലി പ്രൈമിൽ ഉൾപ്പെടുത്തും.

ഇതിനായി നാഷണൽ പെയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യ ഭാരത് ബിൽപേയും ടാലി സൊലൂഷൻസും സംയോജിപ്പിക്കും. സംരംഭങ്ങൾക്ക് തങ്ങളുടെ സാമ്പത്തിക രംഗത്തെ വർക്ക് ഫ്ളോ കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യാനും ഇതു സഹായകമാകും. സമയത്തിന്റെ കാര്യത്തിൽ വളരെ നിർണായകമായ. ഈ പ്രവർത്തനങ്ങൾ സുഗമമാക്കുന്നത് ബിസിനസുകൾക്ക് വൻതോതിൽ വളരാനുള്ള അവസരം കൂടിയാണ് ലഭ്യമാക്കുക. ഇആർപികളിൽ നിന്ന് ഇആർപികളിലേക്കുള്ള ഇൻവോയ്സുകളുടെ കൈമാറ്റം നേരിട്ടു ചെയ്യാനാവുന്നത് തെറ്റുകൾ കുറക്കാനും പ്രവർത്തനങ്ങൾ സുഗമമാക്കാനും സഹായിക്കും. വിതരണക്കാർക്കുള്ള ഇൻവോയ്സുകൾ ഓട്ടോമാറ്റിക് ആയി റെക്കോർഡ് ചെയ്യുന്നതാണ് സമയം ലാഭിക്കാൻ സഹായിക്കുന്ന മറ്റൊരു സവിശേഷത. ഉപഭോക്താക്കളുടെ പണമടക്കൽ സംബന്ധിച്ച് തൽക്ഷണം അറിയിപ്പു ലഭിക്കുന്നത് കൃത്യമായി സാമ്പത്തിക കാര്യങ്ങൾ നിരീക്ഷിക്കാൻ വഴിയൊരുക്കും. പണം ലഭിക്കാനുള്ളവയും അനുബന്ധ കാര്യങ്ങളും സുഗമമാക്കാനും കാര്യക്ഷമതയും കാഷ്ഫ്ളോയും മെച്ചപ്പെടുത്താനും ഓട്ടോമേറ്റഡ് എആർ, എപി റീകൺസീലിയേഷനുകൾ പുതിയ സംവിധാനങ്ങളുടെ ഭാഗമായി ലഭ്യമാക്കും. തടസങ്ങളില്ലാതെയും വിവിധ സംവിധാനങ്ങളിലൂടെ പരസ്പരം പ്രവർത്തിക്കാനാവുന്ന വിധത്തിലും എല്ലാ ബിസിനസുകളേയും ശാക്തീകരിക്കുന്ന വിധത്തിലാണ് ഭാരത് കണക്ട് ഫോർ ബിസിനസ് രൂപകൽപന ചെയ്തിട്ടുള്ളതെന്ന് എൻ.പി.സി.ഐ ഭാരത് ബിൽപേ മാനേജിങ് ഡയറക്ടറും സി.ഇ.ഒയുമായ നുപൂർ ചതുർവേദി പറഞ്ഞു. ഈ സംയോജനത്തിലൂടെ ടാലിയിലുള്ള എം.എസ്.എം.ഇകൾക്ക് കൂടുതൽ കണക്ടഡ് ആയ സാഹചര്യത്തിൽ പ്രവർത്തിക്കാനാവും. ഇൻവോയ്സുകൾ, പെയ്മെന്റുകൾ, റീകൺസീലിയേഷനുകൾ എന്നിവ ലളിതമായി കൈകാര്യം ചെയ്യാനുമാവും. ഡിജിറ്റൽ രീതികൾ കൂടുതലായി സ്വീകരിക്കപ്പെടാനും ഈ സഹകരണം വഴിയൊരുക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ചെറുകിട, ഇടത്തരം സംരഭങ്ങളുടെ ബിസിനസ് പ്രവർത്തനങ്ങൾ ലളിതമാക്കുകയാണ് എന്നും ടാലിയുടെ ലക്ഷ്യമെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ടാലി സൊലൂഷൻസ് മാനേജിങ് ഡയറക്ടർ തേജസ് ഗോയങ്ക പറഞ്ഞു. ഭാരത് കണക്ട് ഫോർ ബിസിനസുമായുള്ള സംയോജനം ഈ രംഗത്തെ മറ്റൊരു ചുവടു വെപ്പാണ്. എല്ലാ തലത്തിലുമുള്ള ബിസിനസുകൾക്കും കണക്ടഡും സുഗമമവുമായ രീതിയിലൂടെ തങ്ങളുടെ ഇടപാടുകൾ കൈകാര്യം ചെയ്യാനും നേട്ടമുാക്കാനും ഇതു സഹായകമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# മെട്രോ രണ്ടാം ഘട്ടം:നിർമാണം അതിവേഗം പൂരോഗമിക്കുന്നു, ഗർഡർ സ്ഥാപിക്കൽ ആരംഭിച്ചു

**കൊച്ചി:** ഇൻഫോപാർക്കിലേക്കുള്ള കൊച്ചി മെട്രോ രണ്ടാംഘട്ടം നിർമാണപ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുന്നു. നിർമ്മാണം പൂർത്തിയായ തൂണുകൾക്ക് മുകളിൽ ഗർഡറുകൾ സ്ഥാപിക്കുന്ന ജോലികൾ ആരംഭിച്ചു. ആദ്യ ഗർഡർ ഇൻഫോപാർക്ക് എക്സ്പ്രസ് വേയിലെ 284, 285 പില്ലറുകൾക്കു മുകളിൽ സ്ഥാപിച്ചു. കളമശേരിയിലെ കാസ്റ്റിംഗ് യാർഡിൽ നിർമിച്ച 170 ടൺ ഭാരമുള്ള യു ഗർഡർ മൾട്ടി ആക്സിൽ ട്രെയിലർ ഉപയോഗിച്ച് പദ്ധതി സ്ഥലത്ത് കൊണ്ടുവന്ന് ഹെവി ഡ്യൂട്ടി ക്രയിൻ ഉപയോഗിച്ച് ഉയർത്തിയാണ് തൂണുകളിലെ പിയർ ക്യാപ്പിൽ ഉറപ്പിക്കുന്നത്. ഇൻഫോപാർക്ക് എക്സ്പ്രസ് വേ പാതയിലുള്ള തൂണുകളിൽ തുടർന്നുള്ള ദിവസങ്ങളിൽ ഗർഡർ സ്ഥാപിക്കുന്ന ജോലികൾ തുടരും.



ഇതേവരെ സെസ്, ആലിൻചുവട്, വാഴക്കാല സ്റ്റേഷനുകളുടെ സമീപമായി 65 തൂണുകളുടെ നിർമാണം പൂർത്തിയായി. 18 തൂണുകളിൽ പിയർ ക്യാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. മെട്രോപാതയ്ക്കുള്ള 875 പൈലുകളും സ്റ്റേഷനുകൾക്കുള്ള 260 പൈലുകളും ഉൾപ്പെടെ മൊത്തം 1135 പൈലുകളുടെ നിർമാണവും പൂർത്തിയായി. കളമശേരിയിലെ കാസ്റ്റിംഗ് യാർഡിൽ ഗർഡറുകളുടെയും പിയർ ക്യാപുകളുടെയും നിർമാണവും അതിവേഗം പുരോഗമിക്കുകയാണ്. 100 യുഗർഡറുകളുടെയും 72 ഐഗർഡറുകളുടെയും 100 പിയർ ക്യാപുകളുടെയും നിർമാണം ഇതേവരെ പൂർത്തിയായിട്ടുണ്ടണ്ട്.വൈഡക്ട് പൂർത്തിയാകുന്ന മുറയ്ക്ക് ട്രാക്ക് നിർമാണത്തിനുള്ള ടെണ്ടറിംഗ് നടപടികളും പുരോഗമിക്കുകയാണ്.

# റീകോഡ് കേരള വിഷൻ 2031 ഐ.ടി സെമിനാറിന്റെ ഭാഗമാകാൻ കെഫോൺ

**കൊച്ചി:** റീകോഡ് കേരള – വിഷൻ 2031 ഐ.ടി സെമിനാറിന്റെ ഭാഗമാകാൻ കെഫോൺ. ഐ.ടി മേഖലയുടെ വികസന രൂപരേഖ രൂപപ്പെടുത്തുന്നതിനും വിലയിരുത്തുന്നതിനുമായി സംസ്ഥാന ഐ.ടി വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഐ.ടി സെമിനാറിൽ കെഫോൺ ഭാഗമാകുന്നു . ഇതോടനുബന്ധിച്ച് 'ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ബിൽഡിംഗ് 'എ കൊളാബൊറേറ്റീവ് ഡിജിറ്റൽ ഇക്കോസിസ്റ്റം ഫോർ കേരള' എന്ന വിഷയത്തിൽ കെഫോൺ പാനൽ ചർച്ച സംഘടിപ്പിക്കും. കേരളത്തിലെ ഐ.ടി വ്യവസായത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിനും ഐ.ടി ഇക്കോസിസ്റ്റം ശക്തിപ്പെടുത്തുന്നതിനും ഊന്നൽ നൽകുന്നതിനായി സംഘടിപ്പിക്കുന്ന പരിപാടിയിൽ ഐ.ടി മേഖലയിലെ പുത്തൻ സാധ്യതകൾ, ഡിജിറ്റൽ രംഗത്തെ പുരോഗതി, സ്റ്റാർട്ടപ്പ് ആക്സിലറേഷൻ തുടങ്ങി നിരവധി വിഷയങ്ങളെ കുറിച്ചുള്ള ചർച്ചകൾ നടക്കും. കൂടാതെ മൾട്ടി നാഷണൽ കമ്പനികളുടെ പ്രതിനിധികൾ, കേരളത്തിന്റെ ഡിജിറ്റൽ ഇൻഫ്രാ സ്ട്രക്ച്ചർ പുരോഗതിയ്ക്കായി അടുത്ത 5 വർഷത്തിലേക്കുള്ള വിഷൻ പ്ലാൻ അവതരിപ്പിക്കുകയും ചെയ്യും. കൊച്ചി കിൻഫ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വച്ച് നടക്കുന്ന റീകോഡ് കേരള വിഷൻ 2031 ഐ.ടി സെമിനാർ ഒക്ടോബർ 28ന് രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വ്യവസായ മന്ത്രി പി. രാജീവ് അദ്ധ്യക്ഷത വഹിക്കും.പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ റീകോഡ് കേരളയുടെ ഔദ്യോഗിക വെബ്സൈറ്റായ https://recodekerala.in/ൽ മുൻകൂർ രജിസ്റ്റർ ചെയ്യാം.



# സൈബർ സുരക്ഷാ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു

**കൊച്ചി:** സൈബർ ഭീഷണികളെക്കുറിച്ചും സാമ്പത്തിക സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള രീതികളെക്കുറിച്ചും ഡിജിറ്റൽ ഉപഭോക്താക്കളെ ബോധവത്ക്കരിക്കുന്നതിന്റെ ഭാഗമായി ബജാജ് ഫിനാൻസ് ലിമിറ്റഡ് സൈബർ സുരക്ഷാ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. മുളവുകാട് ഡോ.അംബേദ്കർ മെമ്മോറിയൽ കമ്മ്യൂണിറ്റി ഹാളിൽ നോക്കൗട്ട് ഡിജിറ്റൽ ഫ്രോഡ് എന്ന പേരിൽ നടന്ന പരിപാടിയിൽ വിവിധ സൈബർ തട്ടിപ്പുകളെക്കുറിച്ചും ഇതിനെതിരെ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും കൊച്ചി സൈബർ പോലീസ് സ്റ്റേഷൻ എ.എസ്.ഐ വി.ശ്യാം കുമാർ സംസാരിച്ചു. 50ലധികം പേർ പങ്കെടുത്ത പരിപാടിയിൽ വ്യാജ ഒടിപി തട്ടിപ്പ്, ഫിഷിംഗ് തട്ടിപ്പ്, ഡിജിറ്റൽ അറസ്റ്റ്, സാമ്പത്തിക വായ്പ തട്ടിപ്പ്, പെൻഷൻ തട്ടിപ്പ്, മറ്റ് തട്ടിപ്പുകൾ എന്നിവയെക്കുറിച്ചും ബോധവത്ക്കരണം നടത്തി. നോക്കൗട്ട് ഡിജിറ്റൽ ഫ്രോഡ് പ്രോഗ്രാം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ എൻ.ബി.എഫ്സികൾക്കുള്ള 2024 ലെ ഫ്രോഡ് റിസ്ക് മാനേജ്മെന്റ് മാർഗ്ഗനിർദ്ദേശങ്ങളുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. കൊച്ചി സിറ്റി റിട്ട.എ.സി.പി പി.എം വർഗീസ് പരിപാടിയിൽ പങ്കെടുത്തു.

